Deepika 20.12.17

# മനുഷ്യാ നീ മണ്ണാകുന്നു!

## (ഡിസംബർ 23, ദേശീയ കർഷകദിനം)

### പ്രസംഗ വേദി 391

മണ്ണുപുതഞ്ഞ ഒറ്റമുണ്ടും മടക്കിക്കുത്തി, തോളത്തു തൂമ്പയും തലയിൽ പാളത്തൊപ്പിയും അണിഞ്ഞ് വിത്തെറിഞ്ഞ പാടങ്ങളിൽനിന്നും ഓരോ അന്തിയിലും ഉയിർത്തെഴുന്നേൽക്കുന്ന കർഷകരുടെ മുമ്പിൽ പ്രണാമമർപ്പിക്കാൻ ഒരു സുദിനം; ഡിസംബർ 23, ദേശീയ കർഷകദിനം!

വിയർപ്പുതുള്ളികളും മൺതരികളും തമ്മിലാശ്ലേഷിച്ചുണർത്തുന്ന തൊഴിലിടങ്ങളുടെ സുഗന്ധത്തിലലിഞ്ഞ്, ഒരു രാഷ്ട്രം കർഷകരെ ഓർക്കുകയാണ്. ഒരു ജനതയുടെ ചരിതമുറങ്ങുന്ന തലമുറകളുടെ അറകളിൽ സംഭരിച്ചുവച്ചിരിക്കുന്ന, 'കള'യുടെയും 'കിള'യുടെയും 'വിള'യുടെയും കഥകളുടെ പുനർവായനയ്ക്കുള്ള ദിനംകൂടിയാണിത്.

ഗ്രാമങ്ങളുടെ നാടായ ഇന്ത്യൻ ഭൂഖണ്ഡത്തിന്റെ നെഞ്ചിൽ ചെവി ചേർത്തുവച്ചാൽ, ഏവർക്കും കേൾക്കാം, ഈ നിലയ്ക്കാത്ത കിളകളുടെ ഒച്ചകൾ! കളകൾ തിങ്ങുന്ന കൃഷിയിടങ്ങൾ കിളച്ചുമറിക്കുന്നതിന്റെ ഒച്ചകൾ! ശതകോടി കർഷകർ ഉഴുതുമറിച്ച ഇന്ത്യയുടെ മണ്ണിൽനിന്ന് കൊയ്തെടുത്ത വിളകൾക്കു മുന്നിൽ തൊഴുതുനിൽക്കുകയാണ് നൂറ്റിമുപ്പത്തിമൂന്നുകോടി ജനങ്ങളുടെ നൂറ്റാണ്ടിന്റെ ചരിത്രം!

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രിയായിരുന്ന കർഷകബന്ധു ചൗധരി ചരൺസിംഗിന്റെ സ്മരണകൂടിയാണ് ദേശീയ കർഷകദിനം. കാർഷിക പാരമ്പര്യമുള്ള ജാട്ടുവംശത്തിൽ പിറന്നു വളർന്ന ചരൺസിംഗ്, തികഞ്ഞ കർഷകപ്രേമിയായിരുന്നു. മൊറാർജി ദേശായിയുടെ കൂടെ ഉപപ്രധാനമന്ത്രിയായിരുന്നപ്പോഴും 1979 ജൂലൈ 28 മുതൽ 1980 ജനുവരി 14 വരെ ഇന്ത്യയുടെ അഞ്ചാമത്തെ പ്രധാനമന്ത്രിയായിരുന്നപ്പോഴും ചരൺസിംഗ്, ഇന്ത്യയിലെ കർഷകരുടെ ക്ഷേമത്തിനായി ക്രിയാത്മകമായി യത്നിച്ചു. 1979ലെ കർഷകബജറ്റിൽ പാസാക്കിയ 'മാർക്കറ്റ് ബിൽ', കർഷകരുടെയും കച്ചവടത്തിന്റെയും ഇടയിലെ ഇടനിലക്കാരുടെ നടുവൊടിച്ചു. വിളകൾക്കു ന്യായവില കർഷകന് ഉറപ്പാക്കി, സെമീന്ദാരി സമ്പ്രദായം നിരോധിച്ചു. ഇന്ത്യയിലെ 70 ശതമാനം വരുന്ന കാർഷിക സമൂഹത്തിന്റെ സുരക്ഷ ഇന്ത്യയുടെ ഭാവി സുരക്ഷയാണെന്നു തിരിച്ചറിഞ്ഞ്, ഭൂവുടമകൾക്കും കൊള്ളപ്പലിശക്കാർക്കുമെതിരേ കർഷകരെ സംഘടിപ്പിച്ച്, "ജയ് ജവാൻ, ജയ് കിസാൻ" എന്ന മുദ്രാവാക്യം ഇന്ത്യയുടെ ഹൃദയതാളമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഇന്നു കുത്തകമുതലാളിമാരുടെ മൊത്തക്കച്ചവടത്തിന്റെ ഇരകൾ മാത്രമാണ് കർഷകർ! ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകളും ഉത്പന്നങ്ങളും വിദേശങ്ങളിൽനിന്ന് ഇറക്കുമതിചെയ്ത് ഇന്ത്യൻ കർഷകരുടെ കഞ്ഞിപ്പാത്രത്തിൽ മണ്ണുവാരിയിടുന്നത് സ്വന്തം കീശയിൽ മാത്രം അള്ളിപ്പിടിച്ചിരിക്കുന്ന കേന്ദ്ര-സംസ്ഥാന ഭരണാധികാരികളാണ്.

കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ റബറും കാപ്പിക്കുരുവും ഏലവും കുരുമുളകുമൊക്കെ കൃഷിചെയ്യാൻ മടിക്കുന്ന ഇന്നത്തെ കർഷകൻ മണ്ണുപേക്ഷിച്ച് വിണ്ണിലേക്കു കണ്ണുയർത്തി, ഒട്ടിയ വയറും പൊത്തിയിരിക്കുകയാണ്. കർഷക കുടുംബങ്ങളുടെ അടുപ്പുകളിൽ തീയെരിയാതെ, ഭാവിയെക്കുറിച്ചോർത്ത് നെഞ്ചെരിയുന്ന കേരളകർഷകരുടെ ദുരിതവും ആരുമറിയുന്നില്ല.

എന്നാൽ, മണ്ണുപേക്ഷിക്കാൻ മനുഷ്യനാവില്ല. മലയാളി, മണ്ണിനെ സ്നേഹിക്കണം. കൃഷിയെ സ്നേഹിക്കണം. ജൈവകൃഷി എന്നത് വെറും ആലങ്കാരിക പ്രയോഗം മാത്രമാക്കരുത്. വിഷരഹിത വിളകൾ ഉത്പാദിപ്പിച്ച്, ആരോഗ്യമുള്ള ഒരു ജനതയെ വളർത്തണം. കൃഷിയിടങ്ങൾ, നഗരസംസ്കാരത്തിന്റെ അധിനിവേശങ്ങൾക്കിരയാകുമ്പോൾ, കോൺക്രീറ്റ് കാടുകൾ പാടങ്ങളെ വിഴുങ്ങുമ്പോൾ, ഓർക്കാം, മനുഷ്യാ നീ മണ്ണാകുന്നു! മണ്ണിൽ വീഴുന്ന വിയർപ്പുതുള്ളികൾ കൊണ്ടെഴുതാം, അധ്വാനവർഗത്തിന്റെ പുതുയുഗ ചരിതം. കർഷകരെ സംരക്ഷിക്കാം, കൃഷി ജീവിത ശൈലിയാക്കാം. മണ്ണിനെ സ്നേഹിക്കുന്ന എല്ലാ കർഷകർക്കും ക്ഷേമാശംസകൾ!




വിലാസം: സമ്മാനച്ചോദ്യം,
ഡിസിഎൽ,
ദീപിക, കോട്ടയം

ഫാ. റോയി കണ്ണൻചിറ
സിഎംഐ
കൊച്ചേട്ടൻ, ഡിസിഎൽ
(kochettan@deepika.com)